മേ നടത്തുകയുള്ളൂ. കർണാടക സംസ്ഥാനത്തിലെ എല്ലാ സർക്കാരുദ്യോഗസ്ഥന്മാരും കന്നഡം പഠിച്ചിരിക്കണമെന്നും നിശ്ചയിച്ചിരിക്കുന്നു.

ഭരണത്തിന്റെ വിഭിന്നതലങ്ങളിൽ കന്നഡം ഉപയോഗപ്പെടുത്തുന്നതിന്റെ പുരോഗതി നിരീക്ഷിച്ചുകൊണ്ടിരിക്കാനും, നിനച്ചിരിക്കാതെ വന്നുപെടുന്ന തടസ്സങ്ങൾ അപ്പോഴപ്പോൾ നീക്കി ഈ പരിവർത്തനം ത്വരിതപ്പെടുത്താനും വേണ്ടി ഒരു 'കാവൽ കമ്മിററി'യെ സർക്കാർ നിയമിച്ചിട്ടുണ്ട്. ഈ കമ്മിററി സർക്കാരിനു വേണ്ട ഉപദേശം നൽകുന്നു.

ഭരണം പ്രാദേശികഭാഷയിലൂടെയാക്കുന്നതിൽ എൻ. ടി. രാമറാവുവിന്റെ നേതൃത്വത്തിൽ ആന്ധ്രപ്രദേശവും ഹേഗ്ഡേയുടെ നേതൃത്വത്തിൽ കർണാടകപ്രദേശവും കൈവരിച്ചുകൊണ്ടിരിക്കുന്ന പുരോഗതി കേരളസർക്കാരിന്റെ കണ്ണു തുറപ്പിക്കേണ്ടതാണ്. കേരളഭരണം മലയാളഭാഷയിലൂടെയാക്കുന്നതിൽ ആത്മാർത്ഥമായ താല്പര്യം കേരളത്തിൽ ഒരൊററ മുഖ്യമന്ത്രിക്കേ ഉണ്ടായിരുന്നുള്ളൂ—എ. കെ. ആൻറണിക്ക്. ശ്രീ ആൻറണി മുഖ്യമന്ത്രിയായിരുന്ന കാലത്ത്, ഈ രംഗത്തു ഗണ്യമായ പുരോഗതി കൈവരുകയുണ്ടായി. ഭരണത്തിന്റെ വിവിധ തലങ്ങളിൽ മലയാളം നടപ്പിൽവരുത്തുന്നതിന് ക്രമികവും സുചിന്തിതവുമായ ഒരു പരിപാടി അന്ന് ആവിഷ്കരിക്കപ്പെട്ടു. സാധാരണയായി ഉന്നയിക്കപ്പെട്ടുവരുന്ന സാങ്കേതികതടസ്സങ്ങളെല്ലാം ഒഴിവാക്കുന്നതിനു നടപടികൾ അക്കാലത്തു കൈക്കൊള്ളുകയും ചെയ്തു. പിന്നീടുവന്ന മുഖ്യമന്ത്രിമാരുടെ ഭരണത്തിൽ ഈ നടപടികളെല്ലാം നിർജീവങ്ങളായി. ശ്രീ കരുണാകരൻ മുഖ്യമന്ത്രിയായതിനെത്തുടർന്ന് മലയാളം ഭരണഭാഷയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കെല്ലാം പൂർണവിരാമമിടുകയും ചെയ്തു. കേരളത്തിലെ ഔദ്യോഗിക ഭാഷാവകുപ്പ് ഇപ്പോൾ ചത്തുകിടക്കുകയാണ്. ഭരണത്തിന്റെ എല്ലാ മണ്ഡലങ്ങളിലും മലയാളം കൂടുതൽ കൂടുതൽ സ്ഥാനഭ്രംശം ഏല്ക്കേണ്ടിവന്നിരിക്കുന്നു. പാവം, ഒരൊററ നമ്പാടൻ മാസ്റ്റർ മാത്രമേയുള്ള മലയാളത്തിന്റെ കാര്യം പറയാൻ എന്ന നില വന്നിരിക്കുന്നു!

ജനങ്ങളുടെ ഭരണം ജനങ്ങളുടെ ഭാഷയിൽക്കൂടെയാകണമെന്നതു ജനാധിപത്യത്തിന്റെ അടിസ്ഥാന നിയമമാണ്. സർക്കാർ തങ്ങളോടു തങ്ങളുടെ ഭാഷയിൽ സംസാരിക്കണമെന്ന് ആവശ്യപ്പെടാൻ ജനങ്ങൾക്ക് അവകാശമുണ്ട്. ഈ അവകാശത്തിന്റെതന്നെ വിപുലനമാണ്, സർക്കാരിന്റെ എല്ലാ നടപടികളും പ്രദേശികഭാഷയിൽക്കൂടെയാകണമെന്നതു്.

നിയമപരമായ മാർഗങ്ങളിലൂടെ തങ്ങളുടെ അവകാശം നേടിയെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ, നിയമലംഘനത്തിന്റെ പാത തിരഞ്ഞെടുത്ത് സർക്കാരിനെ മാററുകയെന്നതു ജനങ്ങളുടെ കർത്തവ്യമായിത്തീരുമെന്ന പാഠമാണ് മഹാത്മാഗാന്ധി നമ്മെ പഠിപ്പിച്ചതു്. എന്തു ചെയ്യാം, ആ പാഠം മറന്നുപോയിരിക്കുന്നു.

(19 ജൂലൈ, 1983)

# 53. കേരളത്തിൽ മലയാളം

'ഭരണം ജനങ്ങൾക്കു വേണ്ടിയാണ്. അതു ജനങ്ങളുടെ ഭാഷയിൽ ആവണം. ജനങ്ങളുടെ പങ്കാളിത്തം ഭരണത്തിൽ ഉറപ്പു വരുത്താൻ ഇതു കൂടിയേ തീരൂ.' ഏഴാം കേരള നിയമസഭയുടെ എസ്റ്റിമേററ്സ് കമ്മിററി

ഓഗസ്റ്റ് 4-ാം തീയതി നിയമസഭയ്ക്കു സമർപ്പിച്ച ഭരണഭാഷാമാററം സംബന്ധിച്ച റിപ്പോർട്ട് ആരംഭിക്കുന്നതു ദൃഢവും വ്യക്തവും ആയ ഈ പ്രഖ്യാപനത്തോടുകൂടിയാണ്.

1956 നവംബർ 1-ാം തീയതി കേരളസംസ്ഥാനം രൂപവല്ക്കരിക്കപ്പെട്ടതുമുതൽ ഇന്നോളം കേരളത്തിലെ ഭരണഭാഷ മലയാളമാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ റിപ്പോർട്ടിൽ സംക്ഷിപ്തമായി പരാമർശിക്കുന്നുണ്ട്.

ഭരണം മലയാളത്തിലൂടെ നടത്തുന്നതിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കാൻ പരേതനായ ശ്രീ കോമാട്ടിൽ അച്യുതമേനോൻ അദ്ധ്യക്ഷനായി ഒരു കമ്മിററിയെ സർക്കാർ 1957 ഓഗസ്റ്റ് 31-ാം തീയതി നിയമിച്ചു. കമ്മിററിയുടെ ശുപാർശകൾ 1958 ഓഗസ്റ്റിൽ ഗവൺമെൻറ് സ്വീകരിച്ചു. പക്ഷേ, ഇക്കാര്യത്തിൽ എന്തെങ്കിലും നടപടിയുണ്ടായതു് ഏഴു വർഷം കഴിഞ്ഞ് 1965-ൽ മാത്രമാണ്. 1965 മെയ് മാസത്തിൽ ഔദ്യോഗികഭാഷ സ്പെഷൽ ഓഫീസർ ആയി ഒരു ഉദ്യോഗസ്ഥൻ (മലയാററൂർ രാമകൃഷ്ണൻ) നിയമിക്കപ്പെട്ടു. അഞ്ചു മാസം കഴിഞ്ഞ്, ഈ ഉദ്യോഗസ്ഥൻെറ ശുപാർശകളുടെ വെളിച്ചത്തിൽ ഒരു ഉത്തരവു് സർക്കാർ പുറപ്പെടുവിച്ചു. വീണ്ടും അഞ്ചു മാസം കൂടി കഴിഞ്ഞു മറെറാരു സർക്കാർ ഉത്തരവും പുറത്തുവന്നു. എങ്കിലും ഈ ഉത്തരവുകൾ നടപ്പിൽ വരുത്താൻ ആരും നിഷ്കർഷിക്കുകയുണ്ടായില്ല.

നിഷ്ക്രിയതയുടെ നാലു വർഷങ്ങൾകൂടി കഴിഞ്ഞു. കേരള ഔദ്യോഗികഭാഷാ(നിയമനിർമാണ)നിയമം 1969-ൽ നിലവിൽവന്നു. ഈ നിയമത്തിനു പിന്നെയും നാലു വർഷങ്ങൾകൂടി കഴിഞ്ഞ്, 1973-ൽ, ഒരു ഭേദഗതിയുണ്ടായി. ഭേദഗതിചെയ്ത നിയമപ്രകാരം, കേരളത്തിൻെറ ഭരണഭാഷ ഇംഗ്ലീഷാണ്; വേണമെങ്കിൽ, ചില കാര്യങ്ങൾക്കു മലയാളവും ഉപയോഗിക്കാം. എന്നുമാത്രം! 'കേരളത്തിൻെറ' ഭരണഭാഷ മലയാളമാണ്; വേണമെങ്കിൽ ചില കാര്യങ്ങൾക്ക് ഇംഗ്ലീഷും ഹിന്ദിയും ന്യൂനപക്ഷഭാഷകളായ തമിഴും കർണാടകവും ഉപയോഗിക്കാം' എന്ന രൂപത്തിലുള്ള ഒരു നിയമമാണ് ഉണ്ടാവേണ്ടിയിരുന്നതു്. അതു് ഇനിയും ഉണ്ടായിട്ടില്ല.

മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 1970-ൽ മുഖ്യമന്ത്രി ചെയർമാനായി ഒരു കമ്മിററി രൂപവല്ക്കരിച്ചു. സെക്രട്ടറിയേററിൽ ഒരു ഔദ്യോഗിക ഭാഷാവിഭാഗവും നിലവിൽവന്നു. പരിഷ്കരിച്ച മലയാളലിപി ഉപയോഗിച്ചു ടൈപ്പ്റൈററിന് ഒരു കീ ബോഡ് കേരളഭാഷാ ഇൻസ്റ്റിററ്യൂട്ട് തയ്യാറാക്കിയതു് ഇക്കാലത്താണ്. ഇന്നു പ്രചാരത്തിലുള്ള കീ ബോർഡ് ഇതാണ്. ഒരു മലയാളം ചുരുക്കെഴുത്ത് മാന്വൽ ഇൻസ്റ്റിററ്യൂട്ടിൻെറ ആഭിമുഖ്യത്തിൽ തയ്യാറാക്കി അച്ചടിച്ചതും ഇക്കാലത്തുതന്നെ.

കേരള ഭരണം മലയാളത്തിലേക്കു മാററുന്നതിന് ക്രമബദ്ധമായ പരിപാടി പ്രഖ്യാപിക്കപ്പെട്ടതു് 1978 ഓഗസ്റ്റിലാണ്. 1981-82 ആകുമ്പോഴേക്കും ഏററവും ഉയർന്ന തലത്തിൽവരെ കേരളത്തിലെ സർക്കാർ നടപടികൾ മലയാളഭാഷയിലൂടെ നിർവഹിക്കുന്നതു സാദ്ധ്യമാക്കുന്നതിനുള്ള വിശദമായ ഒരു പരിപാടിയായിരുന്നു ഇതു്. 'സെക്രട്ടറിയേററ് ഉൾപ്പെടെ സംസ്ഥാനത്തിലെ എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും കോടതികളിലും ഔദ്യോഗികഭാഷ മലയാളമാക്കുക' ആയിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം.

എന്നിട്ടോ? 'സെക്രട്ടറിയേററിൽ ഔദ്യോഗികഭാഷ മലയാളമായിട്ടില്ല. വകുപ്പു തലവന്മാരുടെ ഓഫീസുകളിൽപ്പോലും ആശാവഹമായ മാററം കണ്ടില്ല' എന്ന് എസ്റ്റിമേററ്സ് കമ്മിററിയുടെ റിപ്പോർട്ടിൽ രേഖ

പ്പെടുത്തിയിരിക്കുന്നു. ഇതു് ഒരതിശയോക്തിയല്ല, ന്യൂനോക്തി മാത്രമാണ്. മലയാളത്തിലൂടെ സർക്കാർ നടപടികൾ നിർവഹിക്കുന്നതിൽ എന്നത്തെക്കാളുമേറെ നാം പുറകോട്ടു പോയിരിക്കുന്നു എന്നതാണു് കലർപ്പററ സത്യം.

എന്തുകൊണ്ടു് ഇങ്ങനെ വന്നു? എസ്ററിമേററ്സ് കമ്മിററി പറയുന്നു:

'പ്രവർത്തനപരിപാടി ആസൂത്രണംചെയ്തു് ഉത്തരവു പുറപ്പെടുവിച്ചശേഷം സെക്രട്ടറിയേററ് തലത്തിൽത്തന്നെ അതു നടപ്പിലാക്കാൻ കഴിയാതെപോയതു് ഇക്കാര്യത്തിലുള്ള താല്പര്യക്കുറവും ആത്മാർത്ഥതയില്ലായ്മയുംകൊണ്ടാണെന്നു കരുതേണ്ടിയിരിക്കുന്നു. ഭരണഭാഷാമാററം സംബന്ധിച്ച പ്രവർത്തനങ്ങൾക്കു സെക്രട്ടറിയേററ് ഒരു മാതൃകയാവേണ്ടതായിരുന്നു. മറിച്ചായതിൽ കമ്മിററിക്കു് അതിയായ അതൃപ്തിയുണ്ടു്.'

റിപ്പോർട്ടു് തുടരുന്നു: ജില്ലാതലത്തിൽ പ്രവർത്തനം തൃപ്തികരമല്ല.... വകുപ്പദ്ധ്യക്ഷന്മാരുടെ ഓഫീസുകളിൽ ഭരണഭാഷാമാററം ത്വരിതപ്പെടുത്തുന്നതിനു വിഘാതമായി നില്ക്കുന്ന കാര്യങ്ങളിലൊന്നു്, സെക്രട്ടറിയേററിൽനിന്നു് ഇംഗ്ലീഷുകളിൽ പുറപ്പെടുവിക്കുന്ന കത്തുകളും ഉത്തരവുകളും നിർദേശങ്ങളും മററുമാണു്. ഇവ പരിഭാഷപ്പെടുത്തി മേൽനടപടികൾ സ്വീകരിക്കുക അപ്രായോഗികമാണു്. അക്കാരണത്താൽത്തന്നെ, ഈ കത്തുകളുടെയും ഉത്തരവുകളുടെയും നിർദേശങ്ങളുടെയും മററും അടിസ്ഥാനത്തിലുള്ള അനന്തര നടപടികൾ വകുപ്പദ്ധ്യക്ഷന്മാരുടെ ഓഫീസുകളിലും കീഴ്ഘടകങ്ങളിലും ഇംഗ്ലീഷിലായിത്തീരുന്നു. പ്രത്യക്ഷമായും പരോക്ഷമായും സെക്രട്ടറിയേററ് തലത്തിലുള്ള നടപടികൾതന്നെ സംസ്ഥാനത്തിലെ ഭരണഭാഷാമാററത്തിനുള്ള വിലങ്ങുതടിയാണു്. ഇക്കാര്യത്തിൽ കമ്മിററി ശക്തമായ അസംതൃപ്തി രേഖപ്പെടുത്തുന്നു.

കൊള്ളാം. സർക്കാരിന്റെ നടപടികൾ ഉത്ഭവിക്കുന്ന സ്രോതസ്സു് സെക്രട്ടറിയേററ് ആകയാൽ, മലയാളം ഔദ്യോഗികഭാഷയായി നടപ്പാക്കുന്നതു് അവിടംതൊട്ടു തുടങ്ങണമെന്ന കമ്മിററിയുടെ ശുപാശ യുക്തിസംഗതംതന്നെ. പക്ഷേ, കമ്മിററി തീരെ കാണാതെപോയ മറെറാരു വസ്തുതയുണ്ടു്. സെക്രട്ടറിയേററിനെ പ്രവൃത്തിയിലേക്കു നയിക്കുന്നതു മന്ത്രിസഭയാണു്. മന്ത്രിസഭയുടെ നടപടികൾ ഇംഗ്ലീഷിലൂടെയായിരിക്കുന്നേടത്തോളം കാലം സെക്രട്ടറിയേററിന്റെ ഭാഷയും ഇംഗ്ലീഷാവാനേ തരമുള്ളു. ഇംഗ്ലീഷറിയാത്ത ചിലർ മന്ത്രിമാരായിരുന്ന കാലത്തുകൂടി മന്ത്രിസഭായോഗങ്ങളുടെ അജണ്ടയും, അവിടെ ചർച്ച ചെയ്യുന്ന വിഷയങ്ങൾ സംബന്ധിച്ച കുറിപ്പുകളും, യോഗനടപടികൾ രേഖപ്പെടുത്തുന്ന മിനിററ്സും, തുടർന്നു പുറപ്പെടുവിക്കുന്ന കല്പനകളും, എല്ലാം ഇംഗ്ലീഷിലായിരുന്നു. ഇപ്പോഴും അതേ. ഭരണം മലയാളത്തിലൂടെയാക്കണമെങ്കിൽ ആദ്യമായി ചെയ്യേണ്ടതു് മന്ത്രിസഭ സംബന്ധിച്ച സകല രേഖകളും മലയാളത്തിലാക്കുകയാണു്. എന്തുകൊണ്ടു് ഇതു ചെയ്യുന്നില്ല? ആരാണു് ഇതിനു തടസ്സം? മന്ത്രിമാർതന്നെയല്ലേ? എസ്റ്റിമേററ്സ് കമ്മിററി ഈ കാര്യം ചർച്ച ചെയ്തിട്ടില്ലെന്നു കാണുന്നതു് ഖേദകരമാണു്. മന്ത്രിസഭയുടെ ഭാഷയെന്ന അടിസ്ഥാനപ്രശ്നം ചർച്ചചെയ്യാതെ വിട്ടുകളഞ്ഞതു നിമിത്തം എസ്റ്റിമേററ് കമ്മിററിയുടെ മററു നിർദേശങ്ങളെല്ലാം അസ്തിവാരമില്ലാതെ ആകാശത്തിൽ തൂങ്ങിനില്ക്കുന്ന പ്രതീതിയാണു് ഉളവാക്കുന്നതു്.

'ഒരു ഹ്രസ്വകാല—സമയബന്ധിത പരിപാടിയുടെ അടിസ്ഥാനത്തിൽ, മാതൃകാപരമായി, സെക്രട്ടറിയേററ് തലത്തിൽ ഔദ്യോഗികഭാഷ മലയാളമാക്കുന്നതിനുള്ള സത്വരനടപടികൾ സർക്കാർ സ്വീകരിക്കണം' എന്നതാണു് കമ്മിററിയുടെ കാതലായ ശുപാർശ. 'നാളെമുതൽ

മന്ത്രിസഭാ നടപടികൾ സംബന്ധിച്ച എല്ലാ നടപടികളും മലയാളത്തിലാക്കണം' എന്നൊരു ശുപാർശകൂടി ഇതോടൊപ്പം ചേർക്കണമായിരുന്നു. കാരണം, മന്ത്രിസഭ സംബന്ധിച്ച സകല രേഖകളും മലയാളത്തിലാകാതെ സെക്രട്ടറിയേററിലെ ഭാഷ മലയാളമാക്കുക അസാദ്ധ്യംതന്നെയാണ്.

തങ്ങളുടെ ശുപാർശ പ്രായോഗികമാക്കുന്നതിന് എസ്റ്റിമേററ് കമ്മിററി പല നിർദ്ദേശങ്ങളും മുന്നോട്ടുവെച്ചിട്ടുണ്ട്. പക്ഷേ, ഈ നിർദ്ദേശങ്ങളോടനുബന്ധിച്ചുള്ള കമ്മിററിയുടെ ചില നിരീക്ഷണങ്ങൾ വേണ്ടത്ര അടിസ്ഥാനമുള്ളവയാണെന്നു തോന്നുന്നില്ല. 'ഈ (ഭരണ)രംഗത്ത് ഭാഷയ്ക്കു വേണ്ടത്ര വളർച്ച ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ ഭാഷാമാററം ക്ഷിപ്രസാദ്ധ്യവുമല്ല എന്ന നിരീക്ഷണം ഇത്തരത്തിലുള്ള ഒന്നാണ്. ഭരണത്തിന്റെ ഏതു രംഗത്തും ഉപയോഗിക്കാൻ വേണ്ട വളർച്ച മലയാളഭാഷയ്ക്ക് ഇപ്പോൾത്തന്നെ ഉണ്ടെന്നതാണു വാസ്തവം. ഭാഷാ ഇൻസ്റ്റിററ്യൂട്ട് പ്രസിദ്ധീകരിച്ച ഭരണശബ്ദാവലി, ഭരണകാര്യങ്ങൾക്ക് അനുപേക്ഷണീയമായ ഇംഗ്ലീഷിലുള്ള സാങ്കേതികപദങ്ങളുടെയും ശൈലികളുടെയും സമാന്തരങ്ങളായ മലയാളപദങ്ങളും ശൈലികളും ഏറെക്കുറെ പൂർണമായിത്തന്നെ നൽകുന്നുണ്ട്. ഇത്തരം ഭരണശബ്ദാവലികൾ വേറെ ചിലരും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഔദ്യോഗികഭാഷ (നിയമനിർമാണ)കമ്മീഷൻ തയ്യാറാക്കിയ 'നിയമശബ്ദാവലി' എത്രയോ വർഷം മുമ്പ് പ്രസിദ്ധീകരിക്കാമായിരുന്നു. ഇനിയും അതു ചെയ്യാവുന്നതേയുള്ളു. കോഡുകൾ, മാനുവലുകൾ, ഫാറങ്ങൾ മുതലായവയുടെ വിവർത്തനത്തിലും വേണ്ടത്ര പുരോഗതി കൈവന്നതായിട്ടാണറിവ്. ഈ രംഗത്തു നടന്ന പ്രയത്നമൊന്നും ഉപയോഗപ്പെടുത്തുന്നില്ലെന്നതാണ് ദയനീയമായ വസ്തുത. വളർച്ചയില്ലാത്തതു ഭാഷയല്ല; കമ്മിററിതന്നെ ചൂണ്ടിക്കാണിച്ചതുപോലെ, മന്ത്രിമാരടക്കമുള്ള അധികൃതരുടെ താല്പര്യത്തിനും ആത്മാർത്ഥതയ്ക്കുമാണ്.

ടൈപ്റൈററിന്റെ കീബോർഡ് പുനഃസംവിധാനത്തെപ്പററിയുള്ള കമ്മിററിയുടെ പ്രസ്താവങ്ങളും വസ്തുനിഷ്ഠങ്ങളല്ല. ഒന്നാമതു് ഡോ. ഭാസ്കരൻനായർ അദ്ധ്യക്ഷനായുള്ള കമ്മിററി സംവിധാനം ചെയ്തതല്ല മലയാളം ടൈപ്റൈററിന്റെ പുതിയ ലിപിയിലുള്ള കീബോർഡ്. ഇതു സംവിധാനം ചെയ്തതു് ഭാഷാ ഇൻസ്റ്റിററ്യൂട്ട് ആണ്. ഈ കീബോർഡിൽ മാററം വരുത്തണമെന്ന നിർദേശം ഇന്നോളം ഉന്നയിക്കപ്പെട്ടിട്ടില്ല.

ഡോ. ഭാസ്കരൻനായർ അദ്ധ്യക്ഷനായുള്ള കമ്മിററി ചെയ്തതു് ടൈപ്റൈററിനു് ഇണങ്ങുമാറു മലയാളലിപിയുടെ രൂപത്തിൽ ചില്ലറ പരിഷ്കാരങ്ങൾ വരുത്തുകയാണ്. 'അ' പോലെ പല കുനിപ്പുള്ള ലിപികളും 'റ' പോലെയുള്ള ഒററക്കുനിപ്പ ലിപികളും ടൈപ്പ്റൈററിൽ വരുന്നതു് ഒരേ വലിപ്പത്തിലുള്ള സ്ഥലത്താണ്. ഇതുനിമിത്തം, ചിലേടത്തു് ലിപികൾ തൊട്ടുതൊട്ടും മററു ചിലേടത്തു് വിട്ടുവിട്ടും നിൽക്കും. ഈ അഭംഗി കൂടാതെകഴിക്കാൻ നീണ്ട ലിപികൾ സംക്ഷേപിക്കുകയും കുറിയ ലിപികൾ കുറച്ചു വലിച്ചു നീട്ടുകയും ആവശ്യമാണ്. ഈ പ്രവൃത്തിയാണ് ഭാസ്കരൻനായർ കമ്മിററി ചെയ്തതു്. ലിപിരൂപത്തിൽ വന്നുചേർന്ന ഈ ലഘുവായ മാററത്തെച്ചൊല്ലിയാണ് ചിലരുടെ പരാതി.

എങ്കിലും, ടൈപ്റൈററർ കീബോർഡിൽ ചില ചില്ലറ മാററങ്ങൾ പിന്നീടു നിർദേശിക്കപ്പെട്ടിട്ടുണ്ട്. എല്ലാ സർക്കാർ ഓഫീസുകളിലും നടപടികൾ മലയാളത്തിലാക്കുമ്പോൾ കുറെയേറെ ഇംഗ്ലീഷ് ടൈപ്റൈററുകൾ നിരുപയോഗങ്ങളാകുമല്ലോ. ഈ ടൈപ്റൈററുകളിലെ അച്ച് (ടിപ്പ്) മാത്രം മലയാളമാക്കിയാൽ, ഇവ മലയാളം ടൈപ്പ്റൈ

ട്ടർ ആയി ഉപയോഗപ്പെടുത്താം. അതായത്, ഇംഗ്ലീഷ് ടൈപ്പ്റൈററർ യന്ത്രങ്ങൾ, കീകളുടെ എണ്ണത്തിൽ വർദ്ധനയോ പകുതി ചലനം, നിശ്ചലത മുതലായ വ്യത്യാസങ്ങളോ വരുത്താതെതന്നെ, മലയാള ടൈപ്പ് റൈററുകൾക്ക ചേർത്തിട്ടുള്ള ചില കൂട്ടക്ഷരങ്ങൾ ഇവയിൽ ഒഴിവാക്കേണ്ടിവരുമെന്ന മാത്രം. ഒഴിവാക്കുന്ന ഈ കൂട്ടക്ഷരങ്ങൾ ചന്ദ്രക്കല ഉപയോഗിച്ച് എഴുതുകയുമാവാം. ഇതാണ് കീബോർഡിൽ നിർദേശിക്കപ്പെട്ടിട്ടുള്ള മാററം. ഇത് ഇംഗ്ലീഷ് ടൈപ്പ്റൈററുകൾ മലയാളത്തിലേക്ക മാററുന്നതിന മാത്രമായുള്ള നിർദേശമാണെന്നും മറക്കരുത്. ഇത്തരം വിശദാംശങ്ങളിലേക്ക് എസ്റ്റിമേററ്സ് കമ്മിററി കടന്നുചെന്നതായി തോന്നുന്നില്ല.

സർക്കാർ ഉദ്യോഗസ്ഥന്മാർക്ക പരിശീലനം നൽകുന്ന 'ഇൻസ്റ്റിററ്യൂട്ട് ഓഫ് മാനേജ്മെൻറി'ൻെറ സേവനം ഭരണഭാഷയെന്ന നിലയിൽ മലയാളം കൈകാര്യം ചെയ്യുന്നതിന പ്രത്യേക പരിശീലനം നല്കുന്ന വിഷയത്തിൽ, സർക്കാർ ഉപയോഗപ്പെടുത്തണമെന്നതാണ് കമ്മിററിയുടെ ഒരു നിർദേശം. 'ഇൻസ്റ്റിററ്യൂട്ട് ഓഫ് മാനേജ്മെൻറി'ൻെറ പ്രവർത്തനം തികച്ചും മലയാളത്തിലാക്കണമെന്നാണ കമ്മിററി ശുപാർശ ചെയ്യേണ്ടിയിരുന്നത്. കേരളത്തിൽ ഉദ്യോഗസ്ഥപരിശീലനം മേലിൽ എന്തിന് ഇംഗ്ലീഷിൽ നടത്തണം.

ഭേദഗതി ബില്ലുകൾ ഒഴികെ, കേരളനിയമസഭയിൽ അവതരിപ്പിക്കുന്ന എല്ലാ ബില്ലുകളും മലയാളത്തിൽത്തന്നെ ആയിരിക്കണമെന്നതാണ് കമ്മിററിയുടെ നിർദേശങ്ങളിൽ ഏററവുമധികം വാർത്താപ്രാധാന്യം നേടിയത്. ബില്ലുകളെപ്പോലെതന്നെ, ബജററ്, നിയമസഭയ്ക്ക സമർപ്പിക്കുന്ന പലതരം റിപ്പോർട്ടുകൾ മുതലായവയും മലയാളത്തിലാക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഇതിൽ പ്രത്യേകം നിയമം ഉണ്ടാക്കണം.

1969–ലെ കേരള ഔദ്യോഗികഭാഷ (നിയമനിർമാണ)നിയമമനുസരിച്ച് കേരളത്തിൽ ഔദ്യോഗികാവശ്യങ്ങൾക്ക് ഇംഗ്ലീഷും മലയാളവും ഉപയോഗിക്കാമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്ന മുമ്പു പറഞ്ഞുവല്ലോ. 'ഭരണഭാഷയെന്ന നിലയിൽ മലയാളത്തിൻെറ വളർച്ച മുരടിപ്പിക്കാനേ ഇതു സഹായിക്കുകയുള്ളു' എന്ന് എസ്റ്റിമേററ്സ് കമ്മററി വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. കേരളത്തിലെ ഔദ്യോഗികാവശ്യങ്ങൾക്ക്, ഏതാനും ചില നിർദിഷ്ട സന്ദർഭങ്ങളിലൊഴികെ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന വ്യവസ്ഥ ചെയ്യുംവിധം ഈ നിയമം ഭേദഗതിചെയ്യണമെന്ന കമ്മിററിയുടെ നിർദേശം അതിപ്രധാനമാണ്.

പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ മലയാളം ഭരണഭാഷയായി ഉപയോഗിക്കുന്നതു സംബന്ധിച്ച കമ്മിററിയുടെ നിർദേശങ്ങളും വിലപ്പെട്ടവതന്നെ. ഇതോടൊപ്പം കേരളത്തിൽ പ്രവർത്തിക്കുന്ന തപാൽ–കമ്പിവകുപ്പ്, റെയിൽവേ, ആദായനികുതിവകുപ്പ് മുതലായ കേന്ദ്രഗവണ്മെൻറുവകുപ്പുകളുടെയും ബാങ്കുകൾ മുതലായ മററു സ്ഥാപനങ്ങളുടെയും പ്രവർത്തനത്തിൽ മലയാളത്തിന് അർഹമായ സ്ഥാനം നേടിക്കൊടുക്കാനും സർക്കാർ ശ്രമിക്കേണ്ടതുണ്ട്. 1970–കളുടെ ആരംഭത്തിൽ തപാൽ വകുപ്പുകാർ മണി ഓർഡർ ഫോറത്തിൽ മലയാളം ഉൾപ്പെടുത്തുകയുണ്ടായി. നമ്മുടെ താല്പര്യക്കുറവുമൂലം ഈ നടപടി നിർത്തിവയ്ക്കപ്പെടുകയാണുണ്ടായത്.

സർക്കാരിൽനിന്നു കൊടുക്കുന്ന പരസ്യങ്ങൾ മലയാളത്തിലാക്കേണ്ടതിൻെറ ആവശ്യം കമ്മിററി ചൂണ്ടിക്കാണിക്കുന്നുണ്ട്. സർക്കാർ ഓഫീസുകളിലെ പേരുകൾ എഴുതിയ ബോർഡുകൾ, മന്ത്രിമാരും മററും സ്ഥാപിക്കുന്ന ശിലകൾ, വിദ്യാഭ്യാസവകുപ്പും മററും നൽകുന്ന സർട്ടി

ഫിക്കറ്റുകൾ തുടങ്ങി പല രംഗങ്ങളിലേക്കും മലയാളം വ്യാപിപ്പിക്കേണ്ടതുണ്ട്.

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ട്, ഏറെക്കാലമായി നിർജീവമായിക്കിടന്ന ഭരണഭാഷാരംഗത്തു പുതിയ ചലനങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാകുമെന്നു വിശ്വസിക്കാം. പക്ഷേ, 'ചലനം' എന്നതിനു പുരോഗതി എന്ന് അർത്ഥമില്ല. എക്സിക്യൂട്ടീവിന്റെ ദൃഢനിശ്ചയം കൊണ്ടേ ഭരണനിർവഹണത്തിൽ ഇത്തരം അടിസ്ഥാനപരമായ മാറ്റങ്ങൾ നടപ്പിൽവരൂ. സ്റ്റേറ്റിലെ മുഖ്യ എക്സിക്യൂട്ടീവ് എന്ന നിലയിൽ മുഖ്യമന്ത്രിയുടെ ചുമതലയാണു ഭരണം പ്രാദേശിക ഭാഷയിലൂടെയാക്കുക എന്നതു്. മുഖ്യമന്ത്രിക്കു താല്പര്യമുണ്ടെങ്കിൽ (താല്പര്യം മാത്രം പോരാ, കഴിവുകൂടിയുണ്ടെങ്കിൽ) മൗലികമായ ഈ ജനാധിപത്യപരിഷ്കാരം കേരളത്തിൽ ചുരുങ്ങിയ സമയത്തിനകം യാഥാർത്ഥ്യമായിത്തീരുന്നതിനു് ഒരു തടസ്സവും ഞാൻ കാണുന്നില്ല.

(21 ഓഗസ്റ്റ്, 1983)

# 54. വിശ്വ ഹിന്ദിസമ്മേളനം

ഇംഗ്ലീഷിലൂടെ വിദ്യാഭ്യാസം നേടുന്നതു നിമിത്തം നമ്മുടെ ബൗദ്ധിക ചേതന ജീവിതത്തിൽനിന്നു വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. നാം നമ്മുടെ ജനതയിൽനിന്നു വേർപെട്ടുപോയിരിക്കുന്നു. നമ്മുടെ വർഗത്തിലെ ഏററവും മികച്ച മസ്തിഷ്കങ്ങളുടെ വികാസം തടയപ്പെട്ടിരിക്കുന്നു. ഇംഗ്ലീഷിലൂടെ ലഭിച്ച ചിന്തകൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിൽ നാം പരാജയപ്പെട്ടിരിക്കുന്നു. കഴിഞ്ഞ അറുപതു വർഷങ്ങളിൽ നാം പഠിച്ചതു വിചിത്രങ്ങളായ ചില ശബ്ദങ്ങൾ ഉച്ചരിക്കുവാൻ മാത്രമാണ്. സത്യമായ ജ്ഞാനം ദഹിപ്പിച്ചു സ്വാംശീകരിക്കുന്നതിനു പകരം നാം പദങ്ങളുടെ ഉച്ചാരണം അഭ്യസിക്കുകയാണുണ്ടായതു്. ഇംഗ്ലീഷ് സംസാരിക്കുന്നതു നമ്മുടെ ഒരു സ്വഭാവമായിക്കഴിഞ്ഞിരുന്നില്ലെങ്കിൽ, ഈ സത്യം മനസ്സിലാക്കാൻ നമുക്കു പ്രയാസമുണ്ടാകുമായിരുന്നില്ല. പിതൃ—പിതാമഹന്മാരിൽനിന്നു നമുക്കു കൈവന്ന പൈതൃകത്തെ അസ്ഥിവാരമാക്കി പുതിയ ഒരു സംസ്കാരം പടുത്തുയർത്തുന്നതിനു പകരം, നാം ആ പൈതൃകത്തെ മറക്കാൻ പഠിക്കുകയാണുണ്ടായതു്. ഇത്തരം അധഃപതനത്തിന്റെ മറെറാരു ഉദാഹരണം ലോകചരിത്രത്തിൽ എങ്ങും കാണാൻ സാദ്ധ്യമല്ല. ഇതൊരു ദേശീയ ദുരന്തമത്രേ. നമ്മുടെ പ്രാദേശിക ഭാഷകളിലേക്കു മടങ്ങുകയും, ഹിന്ദിയെ രാഷ്ട്രഭാഷയുടെ പദവിയിൽ പ്രതിഷ്ഠിക്കുകയുമാണ് ഇന്നു നാം ചെയ്യേണ്ട ഏററവും വലിയ സമൂഹസേവനം. പ്രാദേശിക കാര്യങ്ങൾ എല്ലാം നാം പ്രാദേശിക ഭാഷകളിലൂടെ ചെയ്യണം. രാഷ്ട്രത്തിനു പൊതുവായ കാര്യങ്ങൾക്കുള്ള ഭാഷ ഹിന്ദി ആയിരിക്കണം. നമ്മുടെ സ്കൂളുകളിലും കോളജുകളിലും വിദ്യാഭ്യാസം പ്രാദേശികഭാഷകളിലൂടെ നല്കിത്തുടങ്ങും വരെ, വിശ്രമിക്കാൻ നമുക്ക് അവകാശമില്ല.

മഹാത്മാഗാന്ധി ഇതെഴുതിയതു് 1917—ൽ ആണ്. സുചിന്തിതമായ ഈ നിർണയത്തിൽനിന്നു രാഷ്ട്രപിതാവ് ഒരിക്കലും വ്യതിചലിക്കുകയുണ്ടായില്ല. ദക്ഷിണേന്ത്യയിലെ അഹിന്ദി—സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിന് അദ്ദേഹം ദക്ഷിണഭാരത ഹിന്ദി പ്രചാരസഭ സ്ഥാപിക്കുകയും, തന്റെ പുത്രനായ ദേവദാസ് ഗാന്ധിയെ ഹിന്ദി